# ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല.

അപ്പ 4,20



## വിചിന്തനം

ഒക്ടോബർ 2021

ആഗോള മിഷൻ ദിനം വീണ്ടുമെത്തുകയാണ്. ഈ അവസരത്തിൽ സഭ ഓരോ വിശ്വാസിയെയും തന്റെ മിഷനറി പ്രതിബദ്ധത പുതുക്കാൻ ഹൃദ്യമായി ക്ഷണിക്കുന്നു. വർഷം തോറും ഒക്ടോബർ മാസത്തെ അവസാനത്തേതിനു തൊട്ടുമുൻപുള്ള ഞായറാണ് ആഗോള മിഷൻ ദിനമായി ആഘോഷിക്കുന്നത്. ഇത് വെറുമൊരു വാർഷിക ദിനാചരണമാകരുതെന്ന് ബനഡിക്ട് മാർപാപ്പ ഓർമിപ്പിക്കുന്നുണ്ട്. നമ്മുടെ മിഷനറി വിളിയോട് നാം എങ്ങനെയാണ് പ്രതികരിക്കുന്നതെന്ന് ആത്മശോധന ചെയ്യാനുള്ള സുവർണാവസരമായി പാപ്പാ ഈ ദിനത്തെ വിശേഷിപ്പിക്കുന്നു (ലോക മിഷൻ ദിനം, 2011). ഇക്കൊല്ലത്തെ മിഷൻ ദിനത്തിന്റെ ചിന്താവിഷയമായി ഫ്രാൻസിസ് പാപ്പാ തിരഞ്ഞെടുത്തിരിക്കുന്ന വചനം തന്നെയാണ് നമ്മളും ഈ മാസം വിചിന്തനം ചെയ്യുന്നത്.

തിൻമയുടെ വിജയം നീണ്ടുനിന്നില്ല. മൂന്നാംദിവസം മൂകമായ കല്ലറയിലേക്കരിച്ചിറങ്ങിയ ദൈവികശക്തി പുതുയുഗപ്പിറവിക്ക് നാന്ദികുറിച്ചു. ഉത്ഥിതനായ ക്രിസ്തുവിനെക്കണ്ട ശിഷ്യഗണത്തിന്റെ തളർന്ന മനസ്സുകളിൽ പുതിയ പ്രത്യാശ നിറഞ്ഞു. എങ്കിലും അവരിലെ ഭയവും സന്ദേഹങ്ങളും നീങ്ങിയിരുന്നില്ല. എന്നാൽ പന്തക്കുസ്താ ദിനത്തിൽ പറന്നിറങ്ങിയ ദൈവശക്തി വരണ്ടുണങ്ങിയ അസ്ഥികളുടെ താഴ്‌വരയിൽ പുതുജീവൻ പകർന്നു. പത്രോസിന്റെ പ്രസംഗത്തിൽ ആയിരങ്ങളാണ് വിശ്വസിച്ചത്. ജൻമനാ മുടന്തനായിരുന്നയാൾ യേശുനാമത്തിന്റെ ശക്തി സ്വന്തം ശരീരത്തിൽ അനുഭവിച്ചു. പത്രോസിന്റെ വാക്കുകൾ കേട്ടതോടെ ചുറ്റുമുള്ളവരെ സ്തബ്ധരാക്കിക്കൊണ്ട് അയാൾ ചാടിയെഴുന്നേറ്റ് ദൈവത്തെ സ്തുതിക്കുകയാണ്. ഓടിക്കൂടിയ ജനക്കൂട്ടത്തോട് ജീവന്റെ നാഥനായ യേശുവിനെക്കുറിച്ച് പത്രോസ് നടത്തിയ പ്രസംഗം കേട്ട് അനേകർ വിശ്വസിച്ചു. എന്നാൽ ക്രിസ്തുവിനെക്കുറിച്ചു പ്രസംഗിച്ചവരും ക്രിസ്തുവിനെപ്പോലെതന്നെ ബന്ധനസ്ഥരായി. തങ്ങളുടെ ഗുരുവിനെ വധിക്കാൻ ഉത്തരവിട്ട ന്യായാധിപസംഘത്തിനുമുന്നിലേക്ക് അവരും വലിച്ചിഴയ്ക്കപ്പെട്ടു.

അതേസമയം, അധികാരികളുടെ മുന്നിൽ ഈ മനുഷ്യർ പേടിച്ചു വിറയ്ക്കുമെന്നു വിചാരിച്ചവർക്കു തെറ്റുപറ്റി. പത്രോസിന്റെ വാക്കുകളിൽ ജ്ഞാനവും ധൈര്യവും കവിഞ്ഞൊഴുകി. ഒരിക്കൽ വേലക്കാരിയുടെ മുന്നിൽ പോലും പതറിപ്പോയ ആ ഹൃദയത്തിൽ ഇപ്പോൾ ഭയത്തിന്റെ അംശമേയില്ല. മനുഷ്യരക്ഷയ്ക്കുള്ള ഒരേയൊരു നാമം യേശുവിന്റേതെന്ന ഉറച്ചബോധ്യം വിളിച്ചോതുന്ന അന്തസ്സുറ്റ വാക്കുകളായിരുന്നു അദ്ദേഹത്തിന്റേത്. തങ്ങൾ ക്രൂശിച്ച ക്രിസ്തുവിനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുവെന്ന പത്രോസിന്റെ ഉറച്ച സാക്ഷ്യം അധികാരസംഘത്തെ ഭയചകിതരാക്കിയിട്ടുണ്ടാകണം. പൂർണസൗഖ്യം പ്രാപിച്ച മുടന്തന്റെ അനുഭവം ആ സാക്ഷ്യത്തിനുള്ള ആധികാരികമായ തെളിവുമായിരുന്നു. എങ്കിലും പത്രോസിനെയും യോഹന്നാനെയും ഭീഷണിപ്പെടുത്താൻ ദുർബലമായ ചില ശ്രമങ്ങൾ അവർ നടത്തുന്നുണ്ട്. അപ്പോഴും നിറഞ്ഞ ധൈര്യത്തോടെ അപ്പസ്തോലൻമാർ ചെറുത്തുനിൽക്കുകയാണ്. അവരുടെ മറുപടി ഇങ്ങനെയായിരുന്നു: ''ദൈവത്തെക്കാളുപരി നിങ്ങളെ അനുസരിക്കുന്നത് ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾതന്നെ വിധിക്കുവിൻ. എന്തെന്നാൽ, ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല'' (അപ്പ 4, 19-20).

ഇനി നമ്മുടെ ജീവിതങ്ങളിലേക്കു നോക്കാം. നമ്മൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് എന്താണ്? ഈ കാഴ്ചയും കേൾവിയും ചിന്തയുമാണല്ലോ നാമറിയാതെ ഹൃദയത്തിൽ നിറയുന്നത്. ഹൃദയത്തിന്റെ തികവിൽനിന്നും അധരം സംസാരിക്കുന്നു. അപ്പസ്തോലൻമാരുടെ ഹൃദയങ്ങളിൽ നിറഞ്ഞിരിക്കുന്നതെന്തെന്ന് അവരെ കണ്ടവരിലാർക്കും സംശയം തോന്നിയില്ല. അതു പൂർണമായും ഉത്ഥിതനായ ക്രിസ്തുവും അവൻ മുന്നോട്ടുവച്ച പുതിയ ജീവിതശൈലിയുമായിരുന്നു. അപ്പസ്തോലൻമാർ സ്വീകരിച്ച അതേ ദൈവശക്തിയാണു നമുക്കും നൽകപ്പെട്ടിരിക്കുന്നത്. അവരുടെ ദൗത്യത്തിലേക്കുതന്നെ നാമും വിളിക്കപ്പെട്ടിരിക്കുന്നു; ഇതു സുവിശേഷവൽക്കരണമാണ്. സഭയുടെ മുഖമുദ്രയാണിത്. സഭ നിലനിൽക്കുന്നതുതന്നെ സുവിശേഷവൽക്കരണം എന്ന ദൗത്യത്തിനു വേണ്ടിയാണ്.

അന്ധകാരത്തിന്റെ ആധിപത്യത്തിൽനിന്നു മോചിപ്പിച്ച് ദൈവരാജ്യത്തിലേക്ക് തന്നെ കൈപിടിച്ചുനടത്തിയവനോടുള്ള നന്ദിനിറഞ്ഞ ഹൃദയത്തിൽനിന്നേ ശാശ്വതമായ മിഷൻ ഉണ്ടാവുകയുള്ളൂ. അങ്ങനെയുള്ള വ്യക്തിക്കു മാത്രമാണ് യഥാർഥ മിഷനറിയായി ജീവിക്കാൻ കഴിയുക. ആഗോള മിഷൻ ദിനത്തിൽ നമുക്ക് സ്വയം വിലയിരുത്താം. മിഷൻ വ്യക്തിജീവിതത്തിന്റെയും നാമുൾപ്പെടുന്ന ജീസസ് യൂത്ത് കൂട്ടായ്മയുടെയും മുഖമുദ്രയായിട്ടുണ്ടോ? പത്രോസിനെയും യോഹന്നാനെയും നയിച്ച ദൈവാത്മാവിനെ നമ്മിലൂടെ പ്രവർത്തിക്കാൻ അനുവദിക്കുന്നുണ്ടോ? മിഷനറിയാണെന്ന ബോധ്യമാണോ നമ്മുടെ കാഴ്ചയെയും കേൾവിയെയും നിയന്ത്രിക്കുന്നത്? അനുദിന ജീവിതത്തിലും ജോലിയിലുമെല്ലാം നാമെടുക്കുന്ന തീരുമാനങ്ങളെ ഈ മിഷൻ ചൈതന്യം സ്വാധീനിക്കുന്നുണ്ടോ?

അപ്പസ്തോലൻമാരെ ഉണർത്തിയ അതേ ആത്മാവ് നമ്മെയും പ്രേരിപ്പിക്കുകയാണ്; ക്രിസ്തുവിനാൽ നിറയപ്പെടാനും ക്രിസ്തുവിനെ പങ്കുവയ്ക്കാനും. തീർത്തും പരിമിതരും പ്രശ്നബാധിതരും ദുർബലരുമായ വ്യക്തികൾക്കുപോലും അവരുടേതായ രീതിയിൽ മിഷനറിമാരാകാം. കാരണം, നന്മ പങ്കുവയ്ക്കപ്പെടുകയാണ് പ്രധാനം; അയാളിലെ പരിമിതികൾ അപ്രസക്തമാണ് (ക്രിസ്തൂസ് വിവിത്, 239). സത്യത്തിനുവേണ്ടി നിലകൊള്ളുന്നവർക്ക് എതിർപ്പുകളും വിഷമതകളും നേരിടേണ്ടിവന്നേക്കാം. അപ്പസ്തോലൻമാരെപ്പോലെ ആത്മാവിന്റെ പ്രചോദനങ്ങൾക്ക് വിധേയപ്പെട്ടു ജീവിക്കുമ്പോൾ സൈന്യബലത്താലല്ല, കരബലത്താലല്ല, ആത്മാവിന്റെ ശക്തിയാലാണ് പർവതങ്ങൾ ദൈവത്തിനായി നിലകൊള്ളുന്ന മനുഷ്യന്റെ മുൻപിൽ സമതലങ്ങൾ ആകുന്നത് എന്ന സത്യം നമ്മളും ദർശിക്കും
(സഖ 4, 6-7).

ജനപദങ്ങളുടെ ഇടയിലേക്ക് ക്രിസ്തുവിന്റെ സുവിശേഷവുമായി കടന്നുചെല്ലാനുള്ള തീക്ഷ്ണത ഈ മിഷൻ ദിനം നമ്മിൽ വീണ്ടും ജ്വലിപ്പിക്കട്ടെ. സുവിശേഷം പങ്കുവയ്ക്കാൻ ഇറങ്ങിപ്പുറപ്പെടുന്നതിന്റെ ആനന്ദം നമ്മിൽ വീണ്ടും നിറയട്ടെ (ലോക മിഷൻ ദിനം 2011).

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*